(ഡി) ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സർക്കാർ എന്തു നടപടിയാണ് എടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) പെൻഷൻ നിറുത്തൽ ചെയ്ത നടപടി ശരിയാണോ അല്ലയോ എന്നു തീരുമാനിക്കാൻ ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ട്. അപ്രകാരം തീരുമാനമെടുക്കാൻ നടപടി നടന്നുവരുന്നു.

29 (2214) കോപ്പി ഹോൾഡർ റാങ്ക് ലിസ്റ്റ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മെയ് മാസത്തിൽ തിരുവനന്തപുരം എറണാകുളം ജില്ലകളിൽ ഗവണ്മെന്റ് പ്രസ്സിനുവേണ്ടി, കോപ്പി ഹോൾഡർ തസ്തികയ്ക്കുവേണ്ടി നടത്തിയ പി.എസ്.സി. പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടെസ്റ്റിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

30 (2215) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി. അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

(ബി) ഇതിലേയ്ക്ക് നിയമനം നടത്തുവാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണ് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 16.12.97 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി)&(സി) തടസ്സം ഇല്ല. നിലവിലുണ്ടായിരുന്ന പി.എസ്.സി. ലിസ്റ്റിൽ നിന്നും കാലതാമസം കൂടാതെ തന്നെ നിയമനം നടത്തിയിട്ടുണ്ട്.

16.12.97-ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പി.എസ്.സി. നടത്തി വരികയാണ് എന്ന് അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly